Answer

44 Anglo Indian students received financial assistance for higher studies in 1954-55.

ഇലക്ട്രിക്ക ലൈൻ പദ്ധതി.

122. [9] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരനിന്നും പല്ലുവിള, പൂവാർ എന്നിവിടങ്ങളിലേയ്ക്കുള്ള ഇലക്ട്രിക്ക ലൈൻ പണി ആരംഭിച്ചിട്ട് എത്രകാലമായി;

(ബി) പണി പൂർത്തിയാകുവാൻ ഇത്ര കാലതാമസം വരുന്നതെന്തുകൊണ്ട്;

(സി) എന്നേയ്ക്ക് ആ പണി പൂർത്തിയാവും;

(ഡി) വിഴിഞ്ഞം, കളച്ചൽ ലൈൻ പണി എന്നാരംഭിക്കും?

ഉത്തരം.

(എ) ഏകദേശം പത്തുമാസത്തോളമായി.

(ബി) ലൈൻ പണിയുന്നതിനാവശ്യമായ സാധനസാമഗ്രികളുടെ ദൗർല്ലഭ്യംകൊണ്ടും ലൈൻ പണിയുന്നതിനെ സംബന്ധിച്ച് കിട്ടിയിട്ടുള്ള പരാതികളിന്മേൽ വിശദമായ അന്വേഷണം നടത്തേണ്ടിവന്നതുകൊണ്ടുമാണ് കാലതാമസം നേരിട്ടത്.

(സി) മിക്കവാറും ഈ സാമ്പത്തികവർഷാവസാനത്തിൽ.

(ഡി) ഈ ലൈനിന്റെ പണി ആരംഭിക്കുവാൻ ഇപ്പോൾ ഉദ്ദേശമില്ല.

Anglo Indians in the State Transport Department.

123. [14] SHRI A. A. D. LUIZ: Will the Minister for Works be pleased to state the total number of Anglo Indians employed (including Officers) in the State Transport Department and the total number recruited since the integration of States?

Answer

No Anglo Indian is employed in the State Transport Department at present.

പഞ്ചായത്തുകളിലെ റേഡിയോ സെറ്റുകൾ.

124. [15] ശ്രീ. സി. കൊച്ചുകുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലേയ്ക്ക് എത്ര റേഡിയോ സെറ്റുകൾ ഇതുവരെ സപ്ലൈ ചെയ്തിട്ടുണ്ട്.

(ബി) ഏതെങ്കിലും പഞ്ചായത്തിൽ അനുവദിച്ചിട്ടുള്ള റേഡിയോ സെറ്റുകൾ ഇതിനകം കൊടുക്കാതെയിരുന്നിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) ഇതുവരെ 201 റേഡിയോ സെറ്റുകൾ പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്.

(ബി) പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള റേഡിയോ സെറ്റുകൾ കൊടുക്കാതെയിരുന്നിട്ടില്ല.

പീരുമേട്, ദേവികുളം കാളനൈസേഷൻ.

125. [17] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പീരുമേട്, ദേവികുളം കാളനൈസേഷൻ സ്പെഷ്യൽ ഓഫീസറുടെ നിയമനത്തിനുശേഷം അവിടെ പ്രവർത്തനം എത്രമാത്രം പുരോഗമിച്ചിട്ടുണ്ട്;

(ബി) ഇതുവരെ എത്ര വീട്ടുകാരെ അവിടെ കാളനികളിൽ താമസിപ്പിച്ചിട്ടുണ്ട്;

(സി) അവിടെ താമസിക്കുന്ന ആളുകൾക്ക് ഗവൺമെൻറിൽ നിന്നും എന്തു സാമ്പത്തികസഹായം നൽകിയിട്ടുണ്ട്;

(ഡി) കാളനിയുടെ അഭിവൃദ്ധിയെ ലാക്കാക്കി പൊതുവായി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നു പറയുമോ ?

ഉത്തരം.

(എ) കല്ലാർ, ഒന്ന്—രണ്ട്, മറയൂർ, കാന്തല്ലൂർ എന്നീ നാലു കാളനികൾ സ്ഥാപിക്കുകയും, കല്ലാറിൽ മൂന്നാം കാളനി സ്ഥാപിക്കുന്നതിനുള്ള സർവ്വേ ജോലി മുതലായവ ചെയ്തുതീർക്കുകയും, —ടി— നാലു കാളനികളിലായി 450 വീടുകളുടെ പണിക്കുള്ള കോണ്ടാക്ടു കൊടുക്കുകയും ചെയ്തു. അതിൽ 70 വീടുകളുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) 772 വീട്ടുകാരെ.

(സി) ഓരോ കുടുംബത്തിനും 250 രൂപ കൃഷിവായ്പയും 50 രൂപ വിലവരുന്ന കൃഷി ആയുധങ്ങളും, 500 രൂപ വിലവരുന്ന വേനൽ തുണിയും നൽകുന്നതിനു വ്യവസ്ഥയുണ്ട്. അതിനുപ്രകാരം 17,480 രൂപ കാളനിക്കാർക്ക് വായ്പ നൽകിയിട്ടുണ്ട്. ഏതാണ്ടു വീടുകളുടെ പണിയും പൂർത്തിയായിട്ടുണ്ട്.

(ഡി) റോഡുവെട്ടിക്കുക, വെള്ളം ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുക, കാട്ടുമൃഗങ്ങളിൽ നിന്നു രക്ഷനേടുന്നതിനു കിടങ്ങുകൾ കുഴിപ്പിക്കുക, അത്യാവശ്യമായ വൈദ്യസഹായം നൽകുക മുതലായവ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly